"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- 05-02-2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ- പറക്കോട് ബ്ലോക്ക് പഞ്ചായത്ത്-കാട്ടുമൃഗങ്ങളിൽ നിന്നും വിളസംരക്ഷണം പദ്ധതി (പ്രോ.നം.74/19) -കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.444/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 27/02/2019

പരാമർശം:- 1 സ.ഉ.(സാധാ) നം.354/2018/ത.സ്വ.ഭ.വ തീയതി 06.02.2018

2 പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 02.05.2018-ലെയും 17.12.2018-ലെയും കത്തുകൾ

3 പത്തനംതിട്ട ജില്ലാ കളക്ടറുടെ 11.01.2019-ലെ നം.ആർ.ഒ.1-415/2018/ഡി.പി.സി./ഡി.പി.ഒ/പി.റ്റി.എ നമ്പർ കത്ത്

4 05.02.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.28-ാം നമ്പർ തീരുമാനം

## ഉത്തരവ്

17/1/2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.60-ാം നമ്പർ തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ, കാട്ടുമൃഗങ്ങളിൽ നിന്നും വിളസംരക്ഷണം നടത്തുന്നതിന് പറക്കോട് ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതി ബ്ലോക്ക് പരിധിയിലെ ഏതെങ്കിലും ഒരു ഗ്രാമപഞ്ചായത്തിൽ/മേഖലയിൽ പരിമിതപ്പെടുത്തി നടപ്പിലാക്കാൻ പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് പ്രപ്പോസൽ സമർപ്പിക്കാവുന്നതാണെന്നും ടി ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. കലഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതി വിജയപ്രദമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കൊടുമൺ, ഏനാദിമംഗലം, ഏഴംകുളം എന്നീ ഗ്രാമ പഞ്ചായത്തുകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കാൻ അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷ സമർപ്പിച്ചു. കലഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതി വിജയപ്രദമായതിനാൽ മറ്റ് പഞ്ചായത്തുകളിലും ഈ പദ്ധതി നടപ്പിലാക്കാവുന്നതാണെന്ന് പത്തനംതിട്ട ജില്ലാ കലക്ടർ പരാമർശം(3) പ്രകാരം നൽകിയ ശുപാർശ 05.02.2019-ൽ ചേർന്ന കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും പദ്ധതിയുടെ കാര്യക്ഷമത നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണമെന്ന നിബന്ധനയോടെ പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മറ്റ് പഞ്ചായത്തുകളിൽ കൂടി പദ്ധതി നടപ്പാക്കാൻ അനുമതി നൽകുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 05.02.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(4) തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ പറക്കോട് ബ്ലോക്ക് ബ്ലോക്ക് പഞ്ചായത്ത് 2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച കാട്ടുമൃഗങ്ങളിൽ നിന്നും വിളസംരക്ഷണം എന്ന 85,48,020/-രൂപയുടെ (വികസന ഫണ്ട് 64,00,000/- രൂപ, ഗുണഭോക്തൃ വിഹിതം 21,48,020/-രൂപ) പദ്ധതി (പ്രോ.നം.74/19) ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മറ്റ് ഗ്രാമപഞ്ചായത്തുകളിൽ കൂടി നടപ്പാക്കാൻ, **പദ്ധതിയുടെ കാര്യക്ഷമത നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണം എന്ന നിബന്ധനയോടെ** അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോള് എബ്രഹാം**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

പ്രസിഡണ്ട്/സെക്രട്ടറി, പറക്കോട് ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട

ജില്ലാ കലക്ടർ, പത്തനംതിട്ട

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2019.02.2? 12:49:18
IST
Reason: Approved
സെക്ഷൻ ഓഫീസർ